# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2652** **09/03/2017** -ലെ മറുപടി

# വാട്ടർ അതോറിറ്റിയെ ലാഭകരമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അട്ടർ പ്രകാശ്<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. ഷാഫി പറമ്പിൽ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വെള്ളക്കരം വർദ്ധിപ്പിക്കാതെ, ഈ ഗവൺമെന്റിന്റെ കാലത്ത് വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപന മാക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br>(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനവു മായി ബന്ധപ്പെട്ട് ഭരണ തലത്തിൽ എന്തെല്ലാം പരിഷ്കരണ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (എ), (ബി) & (സി) വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ മൂലധനമാക്കി മാറ്റുകയും ചെയ്തത് ഇതിന്റെ ഭാഗമാണ്. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുക, ഒട്ടനവധി പദ്ധതികൾ ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക, നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ വഴി കേരള വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/